# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 180 /71, Kottapuram Road, Thrissur-4**
**(Affiliated to C.I.T.U.No.K.1128)**
**Email: ksfesacitusc@gamil.com, Web: www.ksfesa.com**

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**


## സർക്കുലർ 4/2017

സഖാക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റി യോഗം 11-4-17 (ചൊവ്വ) രാവിലെ 10ന് നമ്മുടെ സംഘടനയുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. ശാരീരികാസ്വാസ്ഥ്യം മൂലം നമ്മുടെ പ്രസിഡന്റ് സംസ്ഥാന കമ്മിറ്റി യോഗത്തിൽ പങ്കെടുത്തില്ല. സ. എ.കെ. ബാലൻ, സ.ജസ്സിൽ കുമാർ. വി.കെ. എന്നിവർക്ക് അവധി അനുവദിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് സ. പി. ദേവദാസ് അധ്യക്ഷത വഹിച്ചു.

പ്രശസ്ത നിരൂപകൻ ശ്രീ. അച്യുതൻ, ആലപ്പുഴയിൽ ആർ.എസ്.എസ്. അക്രമികൾ സംഘം ചേർന്ന് അതിക്രൂരമായി മർദ്ദിച്ചുകൊന്ന പ്ലസ് ടു വിദ്യാർത്ഥി ശ്രീ. അനന്തു, വർഗീയ കലാപത്തിന് തിരി കൊളുത്താനുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമായി ആർ.എസ്.എസ്. അക്രമികൾ കൊലപ്പെടുത്തിയ മദ്രസ അധ്യാപകൻ ശ്രീ. റിയാസ് എന്നിവരുടെ വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഒരുഭാഗത്ത് കുത്തക മാധ്യമങ്ങളെ വിലയ്ക്കെടുത്തുകൊണ്ട് മാർക്സിസ്റ്റ് അക്രമമെന്ന് രാജ്യവ്യാപകമായി മുറവിളി കൂട്ടുകയും മറുവശത്ത് അക്രമകാരികളെ കയറൂരിവിട്ടുകൊണ്ട് അതിനിഷ്ഠൂരമായ കൊലപാതകങ്ങൾ നടത്തുകയും ചെയ്യുന്ന ആർ.എസ്.എസിന്റെ പൊയ്മുഖമാണ് ഈ കൊലപാതകങ്ങളിലൂടെ വെളിവാക്കപ്പെട്ടത്. ആലപ്പുഴയിലേത് ആർ.എസ്.എസ്. തുടർച്ചയായി നടത്തിയ അഞ്ചാമത്തെ കൊലപാതകമാണെങ്കിൽ കാസർകോട് മദ്രസയിൽ ഉറങ്ങിക്കിടന്ന അധ്യാപകനെയാണ് കൊലപ്പെടുത്തിയത്. ഇടതുപക്ഷ പുരോഗമന പ്രസ്ഥാനത്തിന്റെയും കേരളാ പോലീസിന്റെയും കാര്യക്ഷമവും അവസരോചിതവുമായ ഇടപെടലുകൾ മൂലമാണ് ആർ.എസ്.എസ്. ആഗ്രഹിച്ച രീതിയിലുള്ള കലാപത്തിലേക്ക് കാസർകോട് എത്താതിരുന്നത്. രാജ്യത്ത് വർഗീയ കലാപങ്ങൾ സൃഷ്ടിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള വർഗീയ ശക്തികളുടെ ദുഷ്ടലാക്കിനെതിരെ ജാഗ്രത പുലർത്താൻ സംഘടന എല്ലാ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

**തീരുമാനങ്ങൾ**

1. **കെ.എസ്.എഫ്.ഇയിൽ ശാസ്ത്രീയമായ സ്ഥലം മാറ്റ ചട്ടങ്ങൾ; സംഘടനയുടെ നിർദേശങ്ങൾ നൽകാൻ തീരുമാനിച്ചു.**

ജീവനക്കാരുടെ സ്ഥലംമാറ്റങ്ങളിൽ പോലും സ്വജനപക്ഷപാതത്തിന്റെയും അഴിമതിയുടെയും കൂത്തരങ്ങാക്കി മാറ്റുകയായിരുന്നു യുഡിഎഫ് ഭരണം. ശാസ്ത്രീയമായ സ്ഥലം മാറ്റ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് ഈ ദുഷ്പ്രവണത എക്കാലത്തേയ്ക്കും അവസാനിപ്പിക്കാൻ കേരളത്തിലെ പിണറായി സർക്കാർ തീരുമാനം എടുത്തിരിക്കുകയാണ്. സർക്കാർ നിർദ്ദേശത്തിനനുസരണമായി കെ.എസ്.എഫ്.ഇയിലും സ്ഥലംമാറ്റ ചട്ടങ്ങൾ രൂപീകരിയ്ക്കുന്നതിനുള്ള കരട് നിർദേശം മാനേജ്മെന്റ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ജില്ലാ കമ്മിറ്റികളിൽ നിന്നും യൂണിറ്റുകളിൽ നിന്നും വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സംസ്ഥാന കമ്മിറ്റി ചർച്ച ചെയ്തു. സംസ്ഥാന കമ്മിറ്റി യോഗത്തിൽ ഉയർന്നുവന്ന ഭേദഗതി നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സംഘടനയുടെ വ്യക്തമായ നിർദ്ദേശം സമയബന്ധിതമായി മാനേജ്മെന്റിന് നൽകാൻ തീരുമാനിച്ചു.

2. **ശമ്പള പരിഷ്കരണം**

നമ്മുടെ ആവശ്യം പരിഗണിച്ച് ഏപ്രിൽ മാസത്തിൽ തന്നെ ശമ്പളപരിഷ്കരണ കുടിശിക പൂർണമായും വിതണം ചെയ്യുമെന്ന് സർക്കാരും മാനേജ്മെന്റും അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ ലീവ്, പ്രമോഷൻ സംബ

ന്ധമായ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് കഴിഞ്ഞ യുഡിഎഫ് കാലയളവിൽ ഉണ്ടായത്. പ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെട്ടുകൊണ്ട് സമയബന്ധിതമായി ജോലികൾ തീർത്ത്, ആഡിറ്റ് ചെയ്ത് ശമ്പളകുടിശ്ശിക വിതരണം ചെയ്യുന്നതിന്, H.O സ്റ്റാഫിന് പുറമെ വിവിധ ജില്ലകളിൽ നിന്നായി 15 അംഗ സ്പെഷ്യൽ ടീമിനെ നിയമിച്ചിരിക്കുകയാണ്. എച്ച്.ഒ യിൽ രേഖകൾ സമ്പൂർണമല്ലാത്തതിനാൽ, ഇവരുടെ ജോലി ദുഷ്കരമാണെന്ന് മനസ്സിലാക്കി, ഓപ്ഷൻ ഉൾപ്പെടെ ആവശ്യപ്പെടുന്ന രേഖകൾ സമയബന്ധിതമായി നൽകാൻ എല്ലാ ജീവനക്കാരും ശ്രദ്ധിക്കണെന്ന് താത്പര്യപ്പെടുന്നു. ജില്ലാ കമ്മിറ്റികൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

ശമ്പള കുടിശ്ശിക ലെവിയായി 1% തുക അംഗങ്ങളിൽ നിന്ന് ശേഖരിക്കേണ്ടതാണ്.

**3. സംസ്ഥാന നേതൃത്വ പഠന ക്യാമ്പ്**

2017 ഏപ്രിൽ 23,24 തീയതികളിൽ തിരുവനന്തപുരം ഇ.എം.എസ്. അക്കാഡമിയിൽ വച്ച് രണ്ടു ദിവസത്തെ സംസ്ഥാന നേതൃത്വ പഠന ക്യാമ്പ് നടക്കുകയാണ്. സംസ്ഥാന കമ്മിറ്റിയംഗങ്ങൾ, ജില്ലാ ഭാരവാഹികൾ, സംസ്ഥാന വനിതാ സബ് കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുക്കണം.

'ആഗോളവത്കരണത്തിന്റെ കാൽ നൂറ്റാണ്ടും തൊഴിലാളി വർഗത്തിന്റെ ചുമതലകളും' എന്ന വിഷയത്തിൽ സിഐടിയു ദേശീയ സെക്രട്ടറി സ. ചന്ദ്രൻപിള്ളയും, 'സംഘടന' എന്ന വിഷയത്തിൽ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരിമും, 'വർഗീയതയും വർഗപ്രസ്ഥാനവും' എന്ന വിഷയത്തിൽ സ. കെ. ഇ.എൻ. കുഞ്ഞഹമ്മദും, 'തൊഴിൽ നിയമങ്ങൾ' എന്ന വിഷയത്തിൽ സ. കല്ലറ മധുവും 'സ്ഥാപനവും സംഘടനയും' എന്ന വിഷയത്തിൽ സ. എസ്. മുരളീകൃഷ്ണപിള്ളയും ക്ലാസുകൾ എടുക്കുന്നതാണ്. സിഐടിയു സന്ദേശത്തിന്റെ വരിക്കാരുടെ ലിസ്റ്റും വരിസംഖ്യയും ജില്ലാ സെക്രട്ടറിമാരിൽ നിന്നും സ. എളമരം കരിം ഏറ്റുവാങ്ങുന്നതാണ്.

സംഘവേദിയുടെ പരിഷ്കരിച്ച പുതിയ പതിപ്പിന്റെ പ്രകാശനം പ്രസ്തുത ക്യാമ്പിൽ വച്ച് സ. എളമരം കരീം നിർവ്വഹിക്കുന്നതാണ്.

**4. ജീവനക്കാർക്ക് 'Work Rotation' നൽകുന്നതിൽ വീഴ്ച; ശക്തമായി പ്രതികരിക്കുക.**

നമ്മുടെ സംഘടനയുടെ ആവശ്യത്തെ തുടർന്നാണ് ജീവനക്കാർക്ക് 'Work Rotation' നടപ്പാക്കണമെന്ന നിർദേശം മാനേജ്മെന്റ് നൽകിയത്. എന്നാൽ രണ്ടും മൂന്നും വർഷം ഒരേ സീറ്റിൽ തന്നെ ജീവനക്കാരെ പണിയെടുപ്പിക്കുന്നതായി സംഘടനയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. 'Work Rotation' നടപ്പാക്കാത്ത ശാഖകളിൽ കർശനമായി ഇടപെടാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാട് എടുക്കുവാൻ ജില്ലാ കമ്മിറ്റികൾക്ക് നിർദേശം നൽകാനും തീരുമാനിച്ചു.

**5. ഓഫീസിൽ നിന്ന് വൈകി പോകേണ്ടി വരുന്ന വനിതാ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുക.**

ഓഫീസ് സമയത്തിന് ശേഷം ജോലി ചെയ്യേണ്ട ബാധ്യത ജീവനക്കാർക്കില്ല. എന്നാൽ അസാധാരണ സാഹചര്യങ്ങളിൽ, കസ്റ്റമേഴ്സിന്റെയും സ്ഥാപനത്തിന്റെയും താത്പര്യവും മാനിച്ച് ജോലി ചെയ്യേണ്ട സാഹചര്യം വന്നാൽ, വനിതാ ജീവനക്കാരെ സുരക്ഷിതമായി അവരുടെ ഭവനങ്ങളിൽ/ഹോസ്റ്റലുകളിൽ എത്തിയ്ക്കേണ്ട ഉത്തരവാദിത്തം ശാഖാ മാനേജർമാർക്കുണ്ട്. ഇക്കാര്യത്തിൽ വനിതാ ജീവനക്കാരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന പരാതികൾ സംഘടനയെയും സംസ്ഥാന-വനിതാ സബ്കമ്മിറ്റിയെയും അറിയിക്കേണ്ടതാണ്. ഇത്തരം പരാതികളെ ഗൗരവമായി പരിശോധിച്ച് വനിതാ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തണമെന്ന് ജില്ലാ കമ്മിറ്റികളോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

സംസ്ഥാന കമ്മിറ്റിയോഗം വൈകിട്ട് 5.30 ന് പര്യവസാനിച്ചു.

അഭിവാദനങ്ങളോടെ,

കൊല്ലം
17.4.2017

**എസ്. മുരളീകൃഷ്ണപിള്ള**